LIBRARY ARCHIVES Kerala Legislative Assembly

അജ്ഞാത മൃതദേഹങ്ങൾ സംബന്ധിച്ച കേസുകൾ

107 [110] ശ്രീ. കെ. വി. കുഞ്ഞിരാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2004 ജൂൺ 15 വരെ സംസ്ഥാനത്ത് എത്ര അജ്ഞാത മൃതദേഹങ്ങൾ കണ്ടെടുത്തിട്ടുണ്ട്;

(ബി) ഇതിൽ സ്ത്രീകൾ എത്ര; പുരുഷൻമാർ എത്ര; കുട്ടികൾ എത്ര;

(സി) അന്വേഷണത്തെ തുടർന്ന് അജ്ഞാത മൃതദേഹങ്ങളിൽ എത്രയെണ്ണം കൊലപാതകങ്ങളാണെന്നു തെളിഞ്ഞിട്ടുണ്ടെന്ന് അറിയിക്കാമോ;

(ഡി) ഇത് സംബന്ധിച്ച് എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്?

ഉത്തരം

(എ) 1,211 അജ്ഞാത മൃതദേഹങ്ങൾ കണ്ടെടുത്തിട്ടുണ്ട്.

(ബി) സ്ത്രീകൾ .. 112
പുരുഷൻമാർ .. 1,074
കുട്ടികൾ .. 23
ഇതു കൂടാതെ '2' അസ്ഥികൂടവും കണ്ടെടുത്തിട്ടുണ്ട്.

(സി) അന്വേഷണത്തെത്തുടർന്ന് അജ്ഞാത മൃതദേഹങ്ങളിൽ 25 എണ്ണം കൊലപാതകങ്ങളാണെന്നു തെളിഞ്ഞിട്ടുണ്ട്.

(ഡി) അജ്ഞാത മൃതദേഹങ്ങൾ കണ്ടെടുത്തത് സംബന്ധിച്ച് '1,202' കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

വടകരയിൽ പോലീസ് ക്വാർട്ടേഴ്സ് ആരംഭിക്കാൻ നടപടി

108 [111] ശ്രീ. സി. കെ. നാണു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് റൂറൽ ജില്ലാ പോലീസ് ആസ്ഥാനമായ വടകരയിൽ പോലീസ് ഉദ്യോഗസ്ഥർക്കായി ക്വാർട്ടേഴ്സുകൾ നിർമ്മിക്കുവാൻ തീരുമാനം എടുത്തിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ ഇതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ ആന്റ് ബി) വടകരയിൽ പോലീസ് ക്വാർട്ടേഴ്സ് നിർമ്മിക്കുന്നതിനാവശ്യമായ സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനായി എം.പി.എഫ്. സ്കീമിൽപ്പെടുത്തി ക്വാർട്ടേഴ്സ് നിർമ്മാണത്തിന് അനുവാദം നൽകിയിട്ടുണ്ട്.